# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടികൾ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്,

തിരുവനന്തപുരം

(ഹാജർ : എ.എം. സുനിൽ കുമാർ)

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-ജീവനക്കാര്യം-സീനിയർ ക്ലാർക്കുമാരായ ശ്രീ.ആർ. ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത്ത് എന്നിവരെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവുകൾ പുറപ്പെടുവിച്ചത്-തിരികെ സേവനത്തിൽ പ്രവേശിപ്പിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പരാമർശം:
1) ജൂനിയർ സൂപ്രണ്ട് ശ്രീമതി ദേവീകൃഷ്ണ, സീനിയർ ക്ലാർക്ക് ശ്രീ.ആർ. സതീഷ്കുമാർ, ഓഫീസ് അറ്റൻഡന്റ് ശ്രീ. കെ.വി.സുനിൽകുമാർ എന്നിവരുടെ 5-7-2017 ലെ പരാതി.
2) കൃഷി ജോയിന്റ് ഡയറക്ടർ (VC) യുടെ 5-7-2017 ലെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്.
3) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 5-7-2017 ലെ SA (1)-30181/2017 നം.ഉത്തരവ്.
4) സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25-2-2017.

## ഉത്തരവ് നമ്പർ : SA(1)-30181/2017 തീയതി : 11-07-2017

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീ.ആർ. ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത്ത്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് കെ. മനോജ്കുമാർ എന്നിവർ 5-7-2017-ാം തീയതി ടി കാര്യാലയത്തിൽ വച്ച് ജൂനിയർ സൂപ്രണ്ടായ (സ്പെഷ്യൽ ഡ്യൂട്ടിയിൽ) ശ്രീമതി ദേവീകൃഷ്ണയെ അസഭ്യം പറയുകയും ടിയാളോട് അപമര്യാദയായി പെരുമാറുകയും സീനിയർ ക്ലാർക്ക് ശ്രീ.ആർ.സതീഷ്കുമാർ, ഓഫീസ് അറ്റൻഡന്റ് ശ്രീ. കെ.വി.സുനിൽകുമാർ എന്നിവരെ ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുകയുണ്ടായി. ശ്രീമതി ദേവീകൃഷ്ണയുടെ പരാതിയിന്മേൽ അന്വേഷണം നടത്തിയ കൃഷി ജോയിന്റ് ഡയറക്ടർ (VC) യുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ പരാതിയിന്മേൽ കഴമ്പുള്ളതായി കണ്ടെത്തിയെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.ആർ. ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത്ത്, ശ്രീ. കെ. മനോജ്കുമാർ എന്നിവരുടെ മേൽപ്പറഞ്ഞ പ്രവർത്തികൾ സ്ത്രീ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവയും 1960 ലെ സർക്കാർ ജീവനക്കാരുടെ സ്വഭാവ ചട്ടങ്ങളുടെ ഗുരുതര ലംഘനവുമായതിനാൽ ആദ്യത്തെ രണ്ടുപേരെയും പരാമർശം (3) ലെ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു. ശ്രീ. കെ. മനോജ്കുമാറിനെ ടിയാന്റെ മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കുകയും ചെയ്യുകയുണ്ടായി.

പരാതിക്കാരെയും സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നേരിൽ കേൾക്കുകയുണ്ടായി. ആയതിലും

പരാതിക്കാരുടെ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നിരുന്നാലും സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന സസ്പെൻഡ് ചെയ്യപ്പെട്ടവരുടെ ആവശ്യം അനുഭാവപൂർവം പരിഗണിച്ചുകൊണ്ട് ടി ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ ടിയാളുകളെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അച്ചടക്ക നടപടികൾ തുടരുന്ന സാഹചര്യത്തിൽ സീനീയർ ക്ലാർക്ക് ശ്രീ.ആർ. ഗിരീഷ് കുമാറിനെ വെള്ളായണി RTT സെന്ററിലെ തുറന്ന ഒഴിവിലേയ്ക്കും സീനീയർ ക്ലാർക്ക് ശ്രീ.ഡി. രഞ്ജിത്തിനെ തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ തുറന്ന ഒഴിവിലേയ്ക്കും പരാമർശം (4) ലെ ഉത്തരവ് പ്രകാരം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ടി ജീവനക്കാർ ബന്ധപ്പെട്ട മേലധികാരികൾക്ക് മുമ്പാകെ യഥാസമയം ജോലിക്ക് ഹാജരാകേണ്ടതാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി ബന്ധപ്പെട്ട മേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരാമർശം (3) ലെ ഉത്തരവ് പ്രകാരം മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കപ്പെട്ട സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ശ്രീ.കെ. മനോജ്കുമാറിനെ ഈ കാര്യാലയത്തിലെ ചുമതലകളിൽ നിന്നും 12-07-2017 രാവിലെ മുതൽ വിടുതൽ ചെയ്തും ഉത്തരവാകുന്നു.

ബന്ധപ്പെട്ട സെക്ഷൻ തലവന്മാർ ഈ ഉത്തരവ് യഥാവിധി നടപ്പിലാക്കേണ്ടതാണ്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

DIRECTOR
AGRICULTURE DEVELOPMENT
AND FARMER'S WELFARE DEPARTMENT
THIRUVANANTHAPURAM, KERALA

ശ്രീ.ആർ. ഗിരീഷ്കുമാർ
സീനിയർ ക്ലാർക്ക്
ശ്രീ.ഡി. രഞ്ജിത്ത്
സീനിയർ ക്ലാർക്ക്
ശ്രീ.കെ. മനോജ്കുമാർ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്

ഉത്തരവിന്റെ രണ്ടു പകർപ്പുകൾ സഹിതം നൽകുന്നു. ഒരു പകർപ്പിൽ തീയതി സഹിതമുള്ള കൈപ്പറ്റിയ വിവരം രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്.

പകർപ്പ്:

1) അക്കൗണ്ട്സ് വിഭാഗം
2) എസ്.ഡി.വിഭാഗം
3) റ്റി.എസ്.വിഭാഗം
4) ഒ & എം വിഭാഗം
5) ഡയറക്ടറുടെ സി.എ.ക്ക്
6) എസ്.എ.ഒ.യുടെ സി.എ.ക്ക്
7) എസ്.എ(3) സീറ്റ്
8) എസ്.എ(4) സീറ്റ്.
9) റ്റി.എ. RTT സെന്റർ, വെള്ളായണി
10) PIO, FIB, തിരുവനന്തപുരം
11) ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ആമുഖ കത്ത് സഹിതം)
12) സംരക്ഷണ ഫയൽ/അധികം

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33